(സി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനും ജനാധിപത്യ മതേതര സ്വഭാവത്തെ നിലനിർത്തിക്കിട്ടാനും, അസഹിഷ്ണുതകൾ പ്രകടമാക്കുന്ന കേന്ദ്ര നടപടികൾ തുറന്നുകാട്ടാനും സംസ്ഥാന സർക്കാർ എന്തെല്ലാം നിലയിലുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ & ബി) സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ എല്ലാ അധികാരാവകാശങ്ങളും നിറവേറ്റിത്തരുവാൻ കേന്ദ്ര സർക്കാരിന് ബാദ്ധ്യതയുണ്ട്. ഇത്തരം അവകാശങ്ങൾ ഹനിക്കപ്പെടുന്നതായി ബോദ്ധ്യപ്പെടുമ്പോഴൊക്കെ അതിനെതിരായി ശക്തമായ പ്രതിഷേധം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആസൂത്രണ കമ്മീഷനുമായി ബന്ധപ്പെട്ട് ഇത്തരത്തിലുണ്ടായ ഒരു സന്ദർഭം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനാവശ്യമായ മുഴുവൻ നടപടികളും സംസ്ഥാന സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാർക്കും ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ വിശദമാക്കിക്കൊണ്ട് മെമ്മോറാണ്ടം നൽകുകയും സംസ്ഥാന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സംഘങ്ങൾ ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരെ സന്ദർശിച്ച് നിവേദനം നൽകുകയും കേന്ദ്രമന്ത്രിമാർ സംസ്ഥാനത്തെത്തുമ്പോൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ഉൾപ്പെടെയുള്ള നടപടികളിലൂടെ സംസ്ഥാനത്തിന്റെ അവകാശങ്ങൾ കേന്ദ്ര സർക്കാരിൽനിന്ന് നേടിയെടുക്കുന്നതിന് സർക്കാർ സദാ ശ്രമിക്കുന്നുണ്ട്.

വിദ്യാർത്ഥികൾക്കുള്ള സൗജന്യയാത്ര

8 (*158) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രയ്ക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി & സി) പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രാച്ചെലവ് അവരുടെ വിദ്യാഭ്യാസത്തിന് ഒരു പരിധിവരെയെങ്കിലും തടസ്സമാകരുതെന്നും ഡീസൽ വില കുറഞ്ഞ് ലിറ്ററിന് ഏതാണ്ട് 52 രൂപയിലെത്തിയപ്പോൾ അതിന്റെ ആനുകൂല്യം വിദ്യാർത്ഥികൾക്കും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 1-2-2015 മുതൽ പ്ലസ് ടു തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചുവരികയാണ്.

പത്ത് രൂപയുടെ ഒരു സൗജന്യ യാത്രാ കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. സൗജന്യ യാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ യാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ മുഖ്യ കാര്യാലയത്തിൽനിന്നും എല്ലാ ഡിപ്പോകൾക്കും നൽകിയിട്ടുണ്ട്.

ജയിലുകളിലെ ഭക്ഷ്യോൽപ്പാദന യൂണിറ്റുകൾ

9 (*159) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ഭക്ഷ്യോൽപ്പാദന യൂണിറ്റുകളും സംരക്ഷണ സംരംഭവും ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly